കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ അസംബ്ലി നിയോജകമണ്ഡലം - ആസ്തി വികസന പദ്ധതി - സ.ഉ. (സാധാ) 1958/2016/തസ്വഭവ. തീയതി 21.06.2016. പ്രകാരം ഭരണാനുമതി ലഭ്യമായ പ്രവർത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്ക് ആയി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ.506/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 21/02/2018

പരാമർശം :- (1) സ.ഉ. (സാധാ) 1958/2016/തസ്വഭവ. തീയതി 21.06.2016.

(2) ബഹു.തുറമുഖവും മ്യൂസിയവും പുരാവസ്തുവും പുരാരേഖയും വകുപ്പ് മന്ത്രി ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി അവർകളുടെ 12.02.2018 ലെ 60/എം&എം(പി.എം & എ) 18/ കണ്ണൂർ എൽ.എ നമ്പർ കുറിപ്പ്.

ഉത്തരവ്

കണ്ണൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം "യോഗശാല ജംഗ്ഷൻ -തളാപ്പ് ജംഗ്ഷൻ റോഡ് അഭിവൃദ്ധിപ്പെടുത്തൽ", "ചൈന റോഡിന് സമീപം സരിത വീട് മുതൽ റുബീന വീട് വരെ തോടിന്റെ സൈഡ് പ്രൊട്ടക്ഷൻ വർക്കും കവറിംഗ് സ്ലാബും" എന്നീ രണ്ട് പ്രവർത്തികൾക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകയിരുന്നു.

(2) പരാമർശം(1) പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൊതു മാരാമത്ത് വകുപ്പ് മുഖേന സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി അടങ്കൽ തുക പൊതുമരാമത്ത് (ആർ & ബി) വകുപ്പിൽ നിക്ഷേപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) ലെ കുറിപ്പ് പ്രകാരം തുറമുഖവും മ്യൂസിയവും പുരാവസ്തുവും പുരാരേഖയും വകുപ്പ് മന്ത്രിയും കണ്ണൂർ നിയോജകമണ്ഡലം എം.എൽ.എ.യുമായ ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി അവർകൾ നിർദ്ദേശിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം(1) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ "യോഗശാല ജംഗ്ഷൻ - തളാപ്പ് ജംഗ്ഷൻ റോഡ് അഭിവൃദ്ധിപ്പെടുത്തൽ", "ചൈന റോഡിന് സമീപം സരിത വീട് മുതൽ റുബീന വീട് വരെ തോടിന്റെ സൈഡ് പ്രൊട്ടക്ഷൻ വർക്കും കവറിംഗ് സ്ലാബും" എന്നീ രണ്ട് പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്ക് ആയി നടപ്പിലാക്കുന്നതിനും അതിനായി അടങ്കൽ തുക പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(4) പരാമർശം(1)- ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

സിന്ധു.എൽ.,

സ്പെഷ്യൽ സെക്രട്ടറി.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തുകളും, പാലങ്ങളും), തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തുകളും, പാലങ്ങളും) വിഭാഗം, കണ്ണൂർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

വിവര പൊതുജനസമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു.തുറമുഖവും മ്യൂസിയവും പുരാവസ്തുവും പുരാരേഖയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.